“.......**ഉത്തരേന്ത്യയിലൊക്കെ** പല സ്ഥലത്തും സിനിമ പ്രദർശിക്കുമ്പോൾ ഫാസിസ്റ്റ് ശക്തികൾ വന്ന് പ്രൊജക്ടറും സ്ക്രീനും അടിച്ചുതകർത്ത് ഭീകരാന്തരീക്ഷം ഉണ്ടാക്കുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്റെ തന്നെ സുഹൃത്തുക്കൾക്ക് പരിക്കുപറ്റി ആസ്പത്രികളിൽ അഡ്മിറ്റാകേണ്ടിവന്നിട്ടുമുണ്ട്. പൂനയിൽ ആനന്ദ് പട്വർദ്ധന്റെ ‘ജയ് ഭീം കോമ്രേഡ്’ പ്രദർശിപ്പിച്ചപ്പോൾ അജയൻ അടാട്ടിനും കൂട്ടർക്കും എ.ബി.വി.പി ക്കാരിൽ നിന്നും ഭീകരമായി മർദ്ദനമേറ്റിരുന്നു. ഇതൊക്കെ നമ്മുടെ നാട്ടിലും നടക്കുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. ഇന്നലെ ഇവിടെ ‘ഓഷ്യൻസ് ഓഫ് ടിയേഴ്സ്’ എന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചപ്പോൾ ‘ഭാരത് മാതാ കീ ജയ്’ വിളിച്ചുകൊണ്ട് ഒരു സംഘം ആളുകൾ വന്ന് പ്രദർശനം തടഞ്ഞു. ഞാൻ പത്രങ്ങളിലൂടെയും ടി.വിയിലൂടെയും മാത്രമേ സാംസ്കാരിക ഫാസിസത്തെ പറ്റി അറിഞ്ഞിരുന്നുള്ളൂ. ഇന്നലെ പ്രേക്ഷകർ ഒന്നടങ്കം അതിനെ എതിർക്കാൻ തയ്യാറായി. പതിനഞ്ചു മിനിറ്റിനു ശേഷം സിനിമാ പ്രദർശനം തുടരാനും കഴിഞ്ഞു. ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന് അക്രമി സംഘത്തെ പുറത്താക്കിയ നിമിഷങ്ങൾ ഉജ്ജ്വലമായിരുന്നു. ഇന്നലത്തേതുപോലെ നമ്മൾ ഒരുമയോടുകൂടി നിന്നാൽ ഒരു ശക്തിക്കും ആവിഷ്കാര സ്വാതന്ത്ര്യത്തെ തടയാനാവില്ല. ഒപ്പം തന്നെ ഒരു കാര്യം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഫാസിസം നമ്മുടെ മുറ്റത്തും എത്തിയിരിക്കുന്നു...”

# ഹിറ്റ്ലറുടെ മ(ഫ)ണം

2014 ഫെബ്രുവരിയിൽ നടന്ന വിബ്ജിയോർ ചലച്ചിത്രമേളയിൽ, കാശ്മീരി സംവിധായകനായ ബിലാൽ. എ. ജാനിന്റെ ‘ഓഷ്യൻസ് ഓഫ് ടിയേഴ്സ്” എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം തടയാൻ വന്ന ബി.ജെ.പി സംഘത്തെ പ്രേക്ഷകർ ഒറ്റക്കെട്ടായി പ്രതിരോധിച്ച് സാംസ്കാരിക ഫാസിസത്തിന് ചുട്ടമറുപടി കൊടുത്തപ്പോൾ.

**എസ്. നാരായണൻ**

ഇത് ഹെറാൾഡ് ആന്റണി എന്ന 22 വയസ്സ് പ്രായമുള്ള യുവ സംവിധായകന്റെ വാക്കുകളാണ്. ഹെറാൾഡ് സംവിധാനം ചെയ്ത 8 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഹ്രസ്വചിത്രം തലേന്ന് വിബ്ജിയോർ മേളയിൽ പ്രദർശിപ്പിച്ചിരുന്നു. സംവിധായകനുമായുള്ള മുഖാമുഖത്തിൽ സദസ്സിനോട് സംസാരിക്കുകയായിരുന്നു ഹെറാൾഡ്.

ഈ ഫെബ്രുവരിയിൽ നടന്ന വിബ്ജിയോർ ഹ്രസ്വചലച്ചിത്രമേളയിലാണ് ബിലാൽ. എ. ജാൻ എന്ന കാശ്മീരി സംവിധായകന്റെ ‘ഓഷ്യൻസ് ഓഫ് ടിയേഴ്സ്’ (കണ്ണുനീരിന്റെ കടൽ) എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം തടയാൻ ബി.ജെ.പിയുടെ ഗുണ്ടാ സംഘം ഹാളിനുള്ളിലേക്ക് ആക്രോശം മുഴക്കിക്കൊണ്ട് ഇരച്ചുകയറിയത്. പ്രദർശനം തുടങ്ങി പത്തു മിനിറ്റ് കഴിഞ്ഞപ്പോൾ ഇരുപതോളം വരുന്ന സംഘം ഭാരതമാതാവിന് ജയ് വിളിച്ചുകൊണ്ട് വാതിൽ ചവിട്ടിത്തുറന്ന് ഹാളിനുള്ളിലേക്ക് പ്രവേശിച്ചു. നേരത്തെ ഹാളിനുള്ളിൽ കയറിപറ്റിയിരുന്നവരും അവരോടൊപ്പം ചേർന്ന് സ്റ്റേജിൽ കെട്ടിയിരുന്ന സ്ക്രീനിനുനേർ

⇨ പ്രേക്ഷകർ ഒറ്റക്കെട്ടായിനിന്ന് അക്രമികൾക്കെതിരെ പ്രതിരോധത്തിന്റെ തിരമാലകൾ തീർത്തു ⇨



സ്ക്രീനിന് മുന്നിൽ പ്രതിരോധവലയം തീർത്ത് പ്രദർശനം തടയാനെത്തിയവരെ കാണികൾ തടയുന്നു

പ്രൊജക്ടറിനരികിലിരുന്ന ലാപ്ടോപ് അതിനിടയിൽ ചവിട്ടിത്തെറിപ്പിച്ചു. അവർ സ്ക്രീനിനടുത്തേക്ക് എത്തുന്നതിനു മുമ്പ് പ്രേക്ഷകർ ഒന്നടങ്കം എഴുന്നേറ്റ് സ്റ്റേജിൽ കയറി കൈകോർത്ത് നിന്നു. നൂറുകണക്കിന് പ്രേക്ഷകർ സ്റ്റേജിൽ ഒരു മതിൽ പോലെ നിന്ന് അക്രമിസംഘത്തിനെതിരെ 'ഗോബാക്ക്' വിളികൾ മുഴക്കി

ക്ക് നീങ്ങി. പ്രൊജക്ടറിനരികിലിരുന്ന ലാപ്ടോപ്പ് അതിനിടയിൽ ചവിട്ടിത്തെറിപ്പിച്ചു. അവർ സ്ക്രീനിനടുത്തേക്ക് എത്തുന്നതിനു മുമ്പ് പ്രേക്ഷകർ ഒന്നടങ്കം എഴുന്നേറ്റ് സ്റ്റേജിൽ കയറി കൈകോർത്ത് നിന്നു. നൂറുകണക്കിന് പ്രേക്ഷകർ സ്റ്റേജിൽ ഒരു മതിൽ പോലെ നിന്ന് അക്രമിസംഘത്തിനെതിരെ 'ഗോബാക്ക്' വിളികൾ മുഴക്കി. സ്ക്രീനിനടുത്തേക്ക് എത്താനാകാതെ വന്നപ്പോൾ, പ്രതിഷേധക്കാർ സ്റ്റേജിനും മുൻവരിയിലെ കസേരകൾക്കും ഇടയിലുള്ള സ്ഥലത്ത് ഇരുന്നും കിടന്നും പ്രതിഷേധം പ്രകടിപ്പിച്ച് മുദ്രാവാക്യം വിളി തുടർന്നു. അതോടെ അവിടെയുണ്ടായിരുന്ന മുഴുവൻ പ്രേക്ഷകരും ചേർന്ന് അവരെ വളഞ്ഞുവച്ചു. ആയിരത്തിൽ താഴെ വരുന്ന കാണികളിൽനിന്നുയർന്ന 'ഗോബാക്ക്' വിളികളാൽ പ്രദർശനഹാൾ പ്രകമ്പനം കൊണ്ടു. അക്രമിസംഘത്തിന്റെ മുദ്രാവാക്യം വിളികൾ അതിൽ മുങ്ങിപ്പോയി. 'കണ്ണുനീരിന്റെ കടൽ'കളിച്ചുകൊണ്ടിരുന്ന സ്ഥലത്ത് പ്രേക്ഷകർ ഒറ്റക്കെട്ടായിനിന്ന് അക്രമികൾക്കെതിരെ പ്രതിരോധത്തിന്റെ തിരമാലകൾ തീർത്തു. ആവേശകരമായ ആ പ്രതിരോധം പതിനഞ്ചു മിനിറ്റോളം നീണ്ടുനിന്നു. അവസാനം പോലീസ് സംരക്ഷണയിലാണ് ബി.ജെ.പി സംഘത്തെ പുറത്തെത്തിച്ചത്. കടലിലേക്ക് എത്തുന്ന വിഴുപ്പ് തിരമാലകളാൽ കടൽ തന്നെ പുറന്തള്ളുന്ന പോലെയുള്ള കാഴ്ചയായിരുന്നു അത്. പ്രദർശനം തടയാനെത്തിയവർക്കായിരുന്നു പോലീസിന്റെ സംരക്ഷണം. കാണികൾക്കിടയിൽ കുടുങ്ങിപ്പോയ ബി.ജെ.പി സംഘത്തെ പോലീസ് ഇടപെട്ട് പുറത്തേയ്ക്ക് കൊണ്ടുപോയി.

ബി.ജെ.പി സംഘത്തെ പുറത്താക്കിയതിനെ തുടർന്ന് അപ്പോൾ തന്നെ സിനിമ പൂർണ്ണമായും പ്രദർശിപ്പിച്ചു. അതിനു ശേഷം ഹാളിനു പുറത്ത് ചിത്രത്തിന്റെ സംവിധായകൻ ബിലാൽ. എ. ജാൻ അടക്കമുള്ളവരെ പങ്കെടുപ്പിച്ച് പ്രതിഷേധയോഗം നടത്തി, പുറത്ത് കോർപ്പറേഷൻ ഓഫീസിനു മുന്നിലേക്ക്, ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള അതിക്രമത്തിനെതിരെ നൂറോളം പേ

രുടെ പ്രകടനവും നടന്നു.

വിബ്ജിയോർ മേളയുടെ ഈ വർഷത്തെ മുഖ്യപ്രമേയം ജെൻഡർ ജസ്റ്റീസ് (ലിംഗ നീതി) ആയിരുന്നു. അങ്ങിനെയാണ് 'ഓഷ്യൻസ് ഓഫ് ടിയേഴ്സ്' എന്ന ഈ ചിത്രം മേളയിലേക്ക് എത്തുന്നത്. കാശ്മീരിയായ ബിലാൽ. എ. ജാൻ സംവിധാനം ചെയ്ത 27 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയാണ് ഇത്. 1991 ൽ കാശ്മീരിലെ കുപ്‌വാര ജില്ലയിലെ ഒരു ഗ്രാമത്തിൽ ഇന്ത്യൻ പട്ടാളം ഒരു രാത്രിയിൽ കാട്ടിക്കൂട്ടിയ ബലാൽസംഗം ഉൾപ്പെടെയുള്ള അതിക്രമങ്ങളെകുറിച്ചാണ് ഈ ഡോക്യുമെന്ററി പറയുന്നത്. അന്ന് ബലാൽസംഗത്തിനും പീഡനങ്ങൾക്കും ഇരകളായ സ്ത്രീകളേയും പുരുഷൻമാരേയും നേരിട്ട് കണ്ട് അവരുടെ ഓർമ്മകളും ഇന്നത്തെ അവസ്ഥയും രേഖപ്പെടുത്തുക മാത്രമാണ് ഇതിൽ ചെയ്തിട്ടുള്ളത്. 1991 ൽ നടന്ന ഈ

ആവിഷ്കാരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി ആയിരത്തോളം പ്രേക്ഷകർ ഒറ്റക്കെട്ടായി ചെറുത്തുനിന്നതും അതിൽ വിജയം കണ്ടതും പത്രത്തിലൂടെ ജനങ്ങളിലെത്തിക്കണമെന്ന് അവർക്ക് തോന്നിയതേയില്ല. പിറ്റേന്നിറങ്ങിയ മാതൃഭൂമിയും മനോരമയും വായിച്ചാൽ ഫിലിം ഫെസ്റ്റിവെൽ നടത്തിപ്പുകാർ കുഴപ്പം പിടിച്ച സിനിമകൾ കൊണ്ടുവന്ന് നാട്ടിൽ സ്വൈരക്കേടുണ്ടാക്കുന്നു എന്നാണ് തോന്നുക

സംഭവം അന്നുതന്നെ പത്രങ്ങളിലും ചാനലുകളിലുമെല്ലാം ചർച്ചാവിഷയമായിട്ടുള്ളതാണ്. മനുഷ്യാവകാശകമ്മീഷൻ ഇടപെട്ട് ഇരകളായ സ്ത്രീകൾക്ക് നഷ്ടപരിഹാരം കൊടുക്കുക വഴി ഗവൺമെന്റ് തന്നെ അവിടെ ബലാൽസംഗം നടന്നിട്ടുണ്ട് എന്ന് സമ്മതിച്ചിട്ടുള്ളതാണ്. PSBT (Public Service Broadcasting Trust) ആണ് ഇത് നിർമ്മിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള PSBTയുടെ ട്രസ്റ്റ് മെമ്പർമാർ അടൂർ ഗോപാലകൃഷ്ണൻ, മൃണാൾസെൻ, ശ്യാംബെനഗൽ, തുടങ്ങിയ ചലച്ചിത്ര രംഗത്തെ പ്രമുഖരാണ്. Unrestricted Public exibition (നിയന്ത്രണമില്ലാത്ത പൊതുപ്രദർശനം) നുള്ള സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് സിനിമക്ക് ലഭിച്ചിട്ടുണ്ട്. ഡെലിഗേറ്റ് പാസ് വെച്ച് നടത്തുന്ന ഫിലിം ഫെസ്റ്റിവലുകളെ പൊതുപ്രദർശനവേദി എന്നു പോലും പറയാനാവില്ല. സെൻസർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സിനിമകൾ തന്നെ ഫിലിം ഫെസ്റ്റിവെലുകളിൽ കാണിക്കാറുണ്ട്. കാശ്മീരിൽ നിന്നുള്ള സിനിമയായതുകൊണ്ടും പ്രതിസ്ഥാനത്ത് ഇന്ത്യൻ പട്ടാളമായതുകൊണ്ടും വ്യാജദേശാഭിമാനം ഉണർത്തി നേട്ടമുണ്ടാക്കാമെന്നുള്ള ഉദ്ദേശത്തിലാണ് സംഘപരിവാർ ഇതിന്റെ പ്രദർശനം തടയാൻ തുനിഞ്ഞത്. ഇന്ത്യൻ പട്ടാളത്തിന്റെ ആവേശം കെടുത്തും എന്നാണ് ഈ സിനിമക്കെതിരെയുള്ള ആരോപണം. ഭീകരവാദികളെ അമർച്ച ചെയ്യാനെന്ന പേരിൽ നിസ്സഹായരായ ഗ്രാമീണ ജനതയെ ബലാൽക്കാരം ചെയ്യുമ്പോൾ പട്ടാളത്തിന് എന്താണ് ചോർന്നുപോകുന്നതെന്ന് സംഘപരിവാരത്തിന് പ്രശ്നമേയല്ല. പട്ടാളത്തിന്റെ അഴിഞ്ഞാട്ടത്തെത്തുടർന്ന് ആ ഗ്രാമീണജനത മാനസികമായും സാമൂഹികമായും എത്ര മാത്രം തകർന്നിരിക്കുന്നു എന്ന് ഈ ഡോക്യുമെന്ററി തുറന്നുകാണിക്കുന്നു.

പ്രദർശനം തടയാൻ വന്ന അക്രമി സംഘത്തെ പോലീസ് ഹാളിനകത്തു നിന്നും പിടിച്ചു കൊണ്ടുപോയി ഗേറ്റിനു പുറത്തേക്ക് വിട്ടയക്കുകയായിരുന്നു. പോലീസിനു കൺമുന്നിൽ വെച്ചുതന്നെ അവർ വിബ്ജിയോറിന്റെ രജിസ്ട്രേഷൻ കൗണ്ടർ അടിച്ചുതകർത്തു. എന്നിട്ടും അവർക്കെതിരെ നടപടിയൊന്നുമുണ്ടായില്ല. കണ്ടാലറിയാവുന്ന എഴുപത്തഞ്ചോളം പേർക്കെതിരെ കേസ്സെടുക്കുമെന്ന് പിന്നീട് പോലീസിന്റെ അറിയിപ്പുണ്ടായി.

ഇതിലും വലിയ കളിയാണ് പത്രങ്ങൾ നടത്തിയത്. ആവിഷ്കാരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി ആയിരത്തോളം പ്രേക്ഷകർ ഒറ്റക്കെട്ടായി ചെറുത്തുനിന്നതും അതിൽ വിജയം കണ്ടതും പത്രത്തിലൂടെ ജനങ്ങളിലെത്തിക്കണമെന്ന് അവർക്ക് തോന്നിയതേയില്ല. പിറ്റേന്നിറങ്ങിയ മാതൃഭൂമിയും മനോരമയും വായിച്ചാൽ ഫിലിം ഫെസ്റ്റിവെൽ നടത്തിപ്പുകാർ കുഴപ്പം പിടിച്ച സിനിമകൾ കൊണ്ടുവന്ന് നാട്ടിൽ സ്വൈരക്കേടുണ്ടാക്കുന്നു എന്നാണ് തോന്നുക.

ജനാധിപത്യ വിശ്വാസികൾക്കുണ്ടായ ആവേശകരമായ ഈ വിജയത്തെ മാതൃഭൂമി അവതരിപ്പിച്ചത് 'സംഘാടകർ പ്രകോപനപരമായി ഗോബാക്ക് വിളിച്ചു' എന്നാണ്. സിനിമയെ അവർ അപ്പോഴേക്കും 'വിവാദ ചലച്ചിത്രം' ആക്കി മാറ്റി. അക്രമത്തിനെതിരെ നടന്ന പ്രതിഷേധം ഒറ്റവരിയിൽ ഒതുങ്ങിയപ്പോൾ അക്രമികളുടെ പ്രതിഷേധ യോഗത്തിൽ പങ്കെടുത്തവരുടെ മുഴുവൻ ലിസ്റ്റും



ക്കുന്നു അദ്ദേഹം. പത്രം വായിക്കുന്ന വായനക്കാർക്ക് ഇതിൽ അത്ഭുതശക്തിയോ ദൈവകണമോ ഒന്നും കാണാൻ കഴിയുന്നില്ല. എല്ലാ ദിവസവും നിങ്ങൾ ഈ ആവർത്തനം തന്നെയല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്? വർഷം തോറും നാട്ടിൽ നടക്കുന്ന ഉത്സവങ്ങളുടെ ഒരേ മട്ടിലുള്ള ചിത്രങ്ങളും വാർത്തയും! 'പെരുന്നാളിനോടനുബന്ധിച്ച് പള്ളി ദീപാലംകൃതമായപ്പോൾ' എന്ന അടിക്കുറിപ്പോടെ ദിവസം 15 ചിത്രങ്ങളെങ്കിലും കാണും. ഏതെങ്കിലും മന്ത്രിയോ നേതാവോ വന്ന് ശ്രീനാരായണ ഗുരുവിനേയോ മഹാത്മാഗാന്ധിയേയോ അനുസ്മരിച്ച് പ്രസംഗിച്ചാൽ, അവർ പറഞ്ഞാലും ഇല്ലെങ്കിലും തലക്കെട്ട് ഒന്നു തന്നെയാണ്, 'ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾക്ക് പ്രസക്തി വർദ്ധിച്ചു'. 101 ആവർത്തിച്ച ക്ഷീരബല ദിവസേന അനുഭവിച്ചുകൊണ്ടിരിക്കുന്ന വായനക്കാർക്ക് ഇതിലെങ്ങിനെ ദൈവകണം കാണാനാകും? മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ നടക്കുന്ന ലൈംഗിക അതിക്രമങ്ങളെക്കുറിച്ചും കോടിക്കണക്കിന് രൂപയുടെ സ്വിസ് നിക്ഷേപത്തെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങൾ അവരുടെ വിദേശശിഷ്യയുടെ ആത്മകഥയിലൂടെ വെളിപ്പെട്ടത് ലോകം മുഴുവൻ ചർച്ച ചെയ്യുന്നു. മാതൃഭൂമിയും മനോരമയും ഏഷ്യാനെറ്റ് പോലുള്ള ചാനലുകളും മാത്രം ശ്രദ്ധിക്കുന്നവർ ഇത് അറിയുന്നതേയില്ല. മഠത്തിനെതിരേ ഫേസ്ബുക്കിൽ പ്രതികരിക്കുന്നവർക്കെതിരെ പോലീസ് കേസ്സെടുക്കുന്നതുപോലും അറിയാനുള്ള അവകാശം ആ വരിക്കാർക്കില്ല. മഠത്തിലെ കേളീവിലാസങ്ങളെക്കുറിച്ച് പുസ്തകത്തിൽ പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയുമില്ലെന്നും മഠം ചെയ്യുന്ന നല്ല കാര്യങ്ങൾ പരിഗണിക്കണമെന്നും ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നത് വായിക്കുമ്പോഴാണ് എന്തോ ചീഞ്ഞു നാറുന്നു എന്ന് ഈ പ്രമുഖ പത്രങ്ങളുടെ വരിക്കാർക്ക് മനസ്സിലാക്കാൻ പറ്റുന്നത്. അത്ര നിസ്സഹായരാണ് അവർ. ഗുരുവായൂരിൽ പഞ്ചവാദ്യം കലാകാരനെ ജാതിയുടെ പേരിൽ അപമാനിച്ച് ഒഴിവാക്കിയ വാർത്ത രണ്ടാഴ്ച കഴിഞ്ഞാണ് പത്രത്തിൽ വന്നത്. അതും ഗുരുവായൂരിൽ സമരങ്ങളുടെ പ്രളയം വന്നതുകൊണ്ടുമാത്രം. ഒരു പക്ഷേ, കാലങ്ങളായി മനോരമയും മാതൃഭൂമിയും വായിച്ച് വരിയുട

അവർ പ്രസംഗിച്ച വിവരങ്ങളും വിസ്തരിച്ചു കൊടുത്തു. 'വിബ്ജിയോർ മേള അലങ്കോലമാക്കി' എന്ന തലക്കെട്ടിൽ വാർത്ത കൊടുത്തതിൽ നിന്ന് മനോരമ ആരുടെ ഭാഗത്തു നിന്നാണ് റിപ്പോർട്ട് ചെയ്യുന്നത് എന്ന് വ്യക്തമാണ്. അക്രമിസംഘത്തിനു മാത്രമേ അങ്ങനെ പറയാൻ കഴിയൂ. ഫാസിസ്റ്റ് പ്രവണതയെ ജനങ്ങൾ ചെറുത്തു തോല്പിച്ചതിനെ ഒരു വരിയിലൂടെപോലും മനോരമ രേഖപ്പെടുത്തിയില്ല.

ഇത്തരം രേഖപ്പെടുത്തലുകൾ ചെയ്യാറില്ലെങ്കിലും മാതൃഭൂമിയും മനോരമയും മതേതര ജനാധിപത്യത്തിന് വേണ്ടിയും ഫാസിസത്തിനെതിരെയും മുഖപ്രസംഗങ്ങൾ എഴുതാൻ മറക്കാറില്ല. നിസ്വരുടെ നിലവിളികൾക്കും അവർ അവസരം കൊടുക്കും. വിബ്ജിയോർ സംഭവം നടന്നതിന്റെ പിറ്റേ ദിവസം മാതൃഭൂമിയുടെ മുൻ പേജിൽ ചോറ്റാനിക്കര ക്ഷേത്രത്തിൽ മകം തൊഴാൻ ചെന്ന ഒരു സ്ത്രീയുടെ ചിത്രം കൊടുത്തിട്ടുണ്ട്. ആ ഫോട്ടോഗ്രാഫർ എട്ടു വർഷം മുൻപ് അതേ സ്ഥലത്ത് വെച്ചെടുത്ത അതേ സ്ത്രീയുടെ ചിത്രം തൊട്ടടുത്തും കൊടുത്തിട്ടുണ്ട്. അവരുടെ കമ്മലും മാലയും വേഷത്തിന്റെ നിറവുമൊക്കെ അന്നും ഇന്നും ഒന്നു തന്നെ. മുൻ വരിയിലെ പല്ലുകൾ കൊഴിഞ്ഞിരിക്കുന്നു എന്നൊരു വ്യത്യാസം മാത്രം. രണ്ടു ചിത്രങ്ങളും എടുത്ത മാതൃഭൂമിയുടെ ഫോട്ടോഗ്രാഫർ ബി. മുരളീകൃഷ്ണന് അമ്പരപ്പ് വിട്ടുമാറുന്നില്ല. ഇതിൽ ദൈവത്തിന്റെ വിരൽപ്പാടുണ്ടെന്നോ അജ്ഞാതശക്തിയുടെ ഇടപെടലുണ്ടെന്നോ എഴുതുക കൂടി ചെയ്തിരി

## ആരോപണം എന്താണ്?

പാകിസ്ഥാൻ ഫണ്ട് ഉപയോഗിച്ച് ഇന്ത്യൻ ദേശീയതക്കെതിരെ നിർമ്മിച്ച സിനിമയെന്നാണ് ഓഷ്യൻ ഓഫ് ടിയേഴ്സ് എന്നാണ് ബി.ജെ.പി. യുടെ ആരോപണം. കലയുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ശത്രു രാജ്യത്തിന് ഇന്ത്യയെ ഒറ്റുകൊടുക്കുന്ന സിനിമയ്ക്ക് അനുമതി നൽകിയ സംഘാടക സമിതിയുടെ തീരുമാനത്തിനെതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് ബി.ജെ.പി ജില്ലാ കോഓർഡിനേറ്റർ അഡ്വ. ബി. ഗോപാലകൃഷ്ണൻ പറഞ്ഞു.

ക്കപ്പെട്ടവരായതുകൊണ്ടാവുമോ ഈ വായനക്കാരെ 'വരിക്കാർ' എന്നു വിളിക്കുന്നത്?

നീതിനിഷേധത്തിനെതിരെയും ഏകാധിപത്യപ്രവണതകൾക്കെതിരെയും ജനങ്ങൾ ജനാധിപത്യരീതിയിൽ ചെറുത്തുനിൽക്കുകയും വിജയിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സമരങ്ങളെ ശ്രദ്ധിക്കാനോ പൊതുജനങ്ങളുടെ മുന്നിലേക്ക് കൊണ്ടുവരാനോ മാധ്യമങ്ങൾ മുതിരുന്നില്ല. 'വിളകൾ ധാരാളം, കൊയ്ത്തുകാർ വിരളം' എന്ന ബൈബിൾ വചനം മാധ്യമങ്ങൾക്കു മുന്നിൽ തോറ്റുപോകുന്നു. കൊയ്ത്തുകാർ വിരളമാണെന്നു പറയാനല്ലാതെ കൊയ്യുന്നത് കളകളാണെന്നു കാണാൻ ബൈബിളിന് പോലും കഴിഞ്ഞില്ല. ഫെബ്രുവരി 21 ന് നടന്ന രണ്ട് കാര്യങ്ങൾ എങ്ങനെയാണ് മാതൃഭൂമി പോലൊരു പത്രം കൈകാര്യം ചെയ്തത് എന്നറിഞ്ഞാൽ നെല്ലും പതിരും തിരിഞ്ഞുകിട്ടും. ഫെബ്രുവരി 21 ന് സോളാർ തട്ടിപ്പു കേസിലെ പ്രധാനപ്രതി സരിതാനായർ എട്ട് മാസത്തെ ജയിൽ വാസത്തിനു ശേഷം മോചിതത്തിയവരുടെ വിവരങ്ങൾ മുതൽ ആദ്യത്തെ അറസ്റ്റിന്റെ കാര്യങ്ങൾ വരെ വിശദമായി തന്നെ കൊടുത്തിരുന്നു. കളർഫോട്ടോ കണ്ട് മനസ്സിലാക്കട്ടെ എന്നു കരുതിയാകാം അവരുടെ സാരിയുടേയും ബ്ലൗസിന്റെയും നിറത്തെപ്പറ്റി മാത്രം എഴുതിയിരുന്നില്ല. പ്ലാച്ചിമട വിഷയമാകട്ടെ ഉൾപ്പേജുകളിലൊന്നിലാണ് വന്നത്. അതും ഒറ്റവരി മാത്രം. സൂക്ഷ്മദർശിനി വെച്ച് വായിക്കുന്നവർക്കേ ആ വാർത്ത കാണാനാകൂ. പ്ലാച്ചിമട സമരത്തിന്റെ മുന്നണിപ്പോരാളി തങ്ങളാണെന്ന് സ്ഥാനത്തും അസ്ഥാനത്തും അവകാശപ്പെടുന്ന പത്രമാണ് മാതൃഭൂമി. 2011 ഫെബ്രുവരിയിൽ സംസ്ഥാന നിയമസഭ ഐകകണ്ഠേന പാസ്സാക്കിയതാണ് പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ. അതിൽ ഇതുവരെ രാഷ്ട്രപതി ഒപ്പുവച്ചിട്ടില്ല. സംസ്ഥാന നിയമസഭ അതിനു വേണ്ടി ചെറുവിരൽ അനക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് ബിൽ നിയമമാകാത്തത്. അതിനു വേണ്ടി വിവിധ സമരസമിതികൾ നിരന്തരമായി പ്രക്ഷോഭങ്ങൾ നട



യായി. അന്നുതന്നെയാണ് പ്ലാച്ചിമട സമരസമിതിയുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉടനടി ചർച്ച നടത്തുമെന്ന് കെ.പി.സി.സി പ്രസിഡണ്ട് വി.എം.സുധീരൻ അറിയിച്ചത്. സരിതയുടെ ജയിൽ മോചനവാർത്ത കളർ ഫോട്ടോയോടുകൂടി ഒന്നാം പേജിൽ തന്നെ രണ്ടു കോളം തലക്കെട്ടിൽ മാതൃഭൂമി കൊടുത്തു. സരിതയുടെ മുഴുവൻ ചരിത്രവും വീണ്ടും വിസ്തരിച്ച് എഴുതി. ദിവസേന എഴുതിയെഴുതി ഇതെല്ലാം വായനക്കാർക്ക് കാണാപാഠമാണെങ്കിലും എല്ലാം വീണ്ടും വീണ്ടും ആവർത്തിച്ചു. അവരെ കൊണ്ടുപോകാൻ എത്തിക്കൊണ്ടിരിക്കുകയാണ്. 24-ാം തിയ്യതി മുതൽ അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ച ഘട്ടത്തിൽ വി.എം. സുധീരൻ ഇടപെട്ടതുകൊണ്ടാണ് മുഖ്യമന്ത്രി ചർച്ചക്കു തന്നെ തയ്യാറായത്. സമരസമിതിക്കാരുടെ ആക്ഷേപം ന്യായമാണെന്ന് ഉമ്മൻചാണ്ടിക്കുപോലും സമ്മതിക്കേണ്ടിവന്നു. യഥാർത്ഥത്തിൽ പ്ലാച്ചിമടയിൽ നടക്കുന്നതുപോലുള്ള നീതി നിഷേധങ്ങളല്ലേ പത്രങ്ങൾ ജനങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കേണ്ടത്? മാതൃഭൂമി പക്ഷേ, പ്ലാച്ചിമടയുടെ ചരിത്രമൊന്നും കാണുന്നില്ല. അവർക്ക് സരിതാനായ

*➪ മാതൃഭൂമിക്കും മനോരമയ്ക്കും പ്രചാരമില്ലാതിരുന്ന കാലത്തെയാണ് നാം നവോത്ഥാന കാലമെന്ന് പറയുന്നത് ➪*

വിബ്ജിയിയോർ ഹ്രസ്വചലച്ചിത്രമേള പ്രവർത്തകരായ വിദ്യാർത്ഥികളെയും സിനിമാറ്റോഗ്രാഫറായ നീതു എന്ന യുവതിയേയും അകാരണമായി കസ്റ്റഡിയിലെടുക്കുകയും മർദ്ദിക്കുകയും കള്ളക്കേസിൽ കുടുക്കുകയും സംഭവമറിഞ്ഞ് പ്രശ്നത്തിൽ ഇടപെടാനെത്തിയ പൊതുപ്രവർത്തകയായ അഡ്വ. ആശയേയും അവരുടെ മകളേയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.ഐ ലാൽകുമാറിനും സഹപോലീസ് സംഘത്തിനും എതിരെ പ്രതിഷേധം വ്യാപകമാകുന്നു

## സാംസ്കാരിക നഗരത്തിലെ പോലീസ്‌രാജിനെതിരെ

**2014** ഫെബ്രുവരി 22, ശനിയാഴ്ച രാത്രി പത്തുമണിയോടെ തൃശൂർ സംഗീത നാടക അക്കാദമിയുടെ മുന്നിൽ ഓട്ടോ കാത്തുനിൽക്കുകയായിരുന്ന ചലച്ചിത്ര വിദ്യാർത്ഥികളും വിബ്ജിയിയോർ പ്രവർത്തകരുമായ നാല് യുവാക്കളെയും നീതു എന്ന സിനിമാറ്റോഗ്രാഫറായ പെൺകുട്ടിയെയും കസ്റ്റഡിയിലെടുക്കുകയും ക്രൂരമായി മർദ്ദിക്കുകയും പൊതുസ്ഥലത്ത് മദ്യപിച്ചുവെന്നും പോലീസിനെ ആക്രമിച്ചുവെന്നുമുള്ള കള്ളകേസുകൾ എടുക്കുകയും ചെയ്ത പോലീസ് നടപടിയിൽ സാംസ്കാരിക പ്രവർത്തകരും പൊതുപ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരുമടങ്ങുന്ന ഈ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

പോലീസ് യുവാക്കളെ ഉപദ്രവിച്ചുകൊണ്ടിരിക്കെ സംഭവം അറിഞ്ഞ് സ്ഥലത്തെത്തുകയും പ്രശ്നത്തിൽ ഇടപെടുവാൻ ശ്രമിക്കുകയും ചെയ്ത അഡ്വക്കെറ്റ് ആശയെയും മകനെയും പ്രായപൂർത്തിയാകാത്ത മകളെയും മർദ്ദിക്കുകയും വലിച്ചിഴയ്ക്കുകയും മകനെതിരെ കേസെടുക്കുകയും ചെയ്ത തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ പോലീസുകാർക്കെതിരെയും അതിന് നേതൃത്വം നൽകിയ എസ്.ഐ. ലാൽകുമാറിനെതിരെയും നിയമനടപടികൾ സ്വീകരിക്കണം എന്ന് യോഗം ആവശ്യപ്പെടുന്നു.

യുവാക്കളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും നീതുവിനെ ലൈംഗികമായിപോലും അധിക്ഷേപിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെപോലും ദേഹോപദ്രവം ഏൽപിക്കുകയും തന്റെ ജോലി ചെയ്യാൻപോലും അനുവദിക്കാതെ അഡ്വക്കെറ്റ് ആശയെ ചവിട്ടി പരിക്കേൽപ്പിക്കുകയും നിലത്തിട്ടു വലിക്കുകയും ചെയ്ത പോലീസുകാരുടെ ക്രൂരതയ്ക്കെതിരെ കേരളത്തിന്റെ മനസാക്ഷി ഉണരണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മർദ്ദനത്തിന് അഡ്വക്കേറ്റ് ആശയ്ക്കും നീതുവിനും ആശയുടെ പ്രായപൂർത്തിയാകാത്ത മക്കൾക്കും സാരമായ പരിക്കുകൾ പറ്റുകയും മൂന്ന് യുവാക്കളുടെ എല്ലുകൾ പൊട്ടിയിട്ടുമുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നല്കേണ്ട പോലീസ് അവരുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തി അന്യായമായി മണിക്കൂറുകളോളം കസ്റ്റഡിയിൽ വയ്ക്കുകയും ദേഹോപദ്രവം ഏൽപിക്കുകയും ലൈംഗികമായിപോലും അവരെ അധിക്ഷേപിക്കുകയും ചെയ്യുന്നതിനെ കേരള സമൂഹം ശക്തമായി പ്രതികരിക്കണം എന്നും കുറ്റവാളികളായ പോലീസുകാർക്കെതിരെ നിയമനടപടികൾ കൈകൊള്ളാൻ ഒറ്റക്കെട്ടായി ആവശ്യപ്പെടണം എന്നും യോഗം അഭ്യർത്ഥിക്കുന്നു. സാംസ്കാരിക പ്രവർത്തകർക്കെതിരെയും വിബ്ജിയോറിനെതിരെയും കാലാകാലങ്ങളായി പോലീസ് നടത്തുന്ന ആക്രമണം അവസാനിപ്പിച്ച് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ സമാധാനാന്തരീക്ഷം വീണ്ടെടുക്കാനുള്ള നടപടികൾ അധികൃതർ കൈക്കൊള്ളണം എന്നും യോഗം ആവശ്യപ്പെടുന്നു. *ബന്ധങ്ങൾക്ക്: 9809477058*

രിൽ മാത്രമാണ് ചരിത്രപശ്ചാത്തലം കാണാനാകുന്നത്.

എന്തായാലും ശ്രീനാരായണഗുരുവിനെപോലുള്ള നവോത്ഥാന നായകർ ജീവിച്ചിരുന്ന കാലത്ത് മാതൃഭൂമിക്കും മനോരമക്കും പ്രാമുഖ്യമില്ലാതിരുന്നത് നന്നായി. അരുവിപ്പുറം പ്രതിഷ്ഠ നടക്കുന്നത് 1888ലാണ്. ആ വർഷം മനോരമ തുടങ്ങുന്നതേയുള്ളൂ. പിന്നെയും ദശാബ്ദങ്ങൾ കഴിഞ്ഞാണ് മാതൃഭൂമി വരുന്നത്. അരുവിപ്പുറം പ്രതിഷ്ഠ വാർത്തയാക്കാതെ, അതിനെതിരേ ഏതെങ്കിലും ബ്രാഹ്മണന്റെ ശാപവചനങ്ങളോടെയുള്ള എതിർപ്പ് വന്നാൽ മാത്രം വാർത്തയാക്കുന്ന പത്രപ്രവർത്തനം അന്ന് ലക്ഷക്കണക്കിന് കോപ്പികളിലൂടെ ജനങ്ങളിലെത്തിയിരുന്നെങ്കിൽ കേരളത്തിൽ നവോത്ഥാനം നടക്കില്ലായിരുന്നു. അഥവാ മാതൃഭൂമിക്കും മനോരമയ്ക്കും പ്രചാരമില്ലാതിരുന്ന കാലത്തെയാണ് നാം നവോത്ഥാന കാലമെന്ന് പറയുന്നത്. ഇത്രയും പ്രചാരമില്ലാതിരുന്നതുകൊണ്ട് കേരളത്തിന്റെ നവോത്ഥാനം തടയാൻ മാതൃഭൂമിക്കും മനോരമക്കും അന്ന് കഴിയാതെപോയി. ലക്ഷക്കണക്കിന് കോപ്പികളുടെ പ്രചാരമുള്ളതുകൊണ്ട് ഫാസിസത്തെ കേരളത്തിലേക്ക് ആനയിക്കാൻ ഇന്ന് അവർക്ക് കഴിഞ്ഞേക്കും. ഭയം വിതച്ച് ചലച്ചിത്ര മേളകൾ പോലുള്ള ആവിഷ്കരണോപാധികളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ ഒരു ഭാഗത്തു നടക്കുന്നു. നുണ നൂറുവട്ടം ആവർത്തിച്ചാൽ സത്യമാകുമെന്ന ഗീബൽസിയൻസിദ്ധാന്തവുമായി മുഖ്യധാരാ മാധ്യമങ്ങൾ അവരുടെയൊപ്പം കൂടുന്നു.

അന്തരീക്ഷത്തിൽ ഹിറ്റ്ലർ മണക്കുന്നു. ■